"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളത്തിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് SDRF/CMDRF ഉൾപ്പെടെ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ വീട്ടു നിർമ്മാണം / പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചവർക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.505/2023/LSGD തീയതി,തിരുവനന്തപുരം, 27-02-2023

---

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 14/02/2023 ലെ യോഗ തീരുമാനം.

**ഉത്തരവ്**

കേരളത്തിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് SDRF/CMDRF ഉൾപ്പെടെ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ വീട്ടു നിർമ്മാണം / പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചവരിൽ ചിലരുടെ വീട് വീണ്ടും വാസയോഗ്യമല്ലാതായിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾ ലൈഫ് ഭവനപദ്ധതി പ്രകാരം വീടു ലഭിക്കുന്നതിന് പിന്നീട് അപേക്ഷിക്കുകയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടും ധനസഹായം അനുവദിക്കാത്തത് സംബന്ധിച്ച് വ്യാപക പരാതികൾ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ഉയർന്നിരുന്നു.

14/02/2023 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഈ വിഷയം പരിശോധിച്ചു. ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് SDRF/CMDRF ഉൾപ്പെടെ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ വീട്ടു നിർമ്മാണം / പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചതും വീട് വീണ്ടും വാസയോഗ്യമല്ലാതായിട്ടുള്ളതുമായ കുടുംബങ്ങൾക്ക് പ്രളയകാലത്തെ ധനസഹായം മുമ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ പോലും അതു പരിഗണിക്കാതെ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള നിരക്കിൽ ഭവന നിർമ്മാണത്തിനു ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ(അർബൻ),തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേൻ കോട്ടയം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 28-02-2023 09:26:26
സെക്ഷൻ ഓഫീസർ